"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷന്റെ കണ്ണൂർ ജില്ലയിൽ ആരംഭിച്ചിട്ടുള്ള ജില്ലാ ഓഫീസ് നവീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ തുക വിനിയോഗിക്കുന്നതിനു ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.82/2026/SJD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-

1. 07.11.2025 -ലെ സ.ഉ.(സാധാ)നം.304/2025/എസ്.ജെ.ഡി ഉത്തരവ്
2. 07.11.2025 -ലെ സ.ഉ.(സാധാ)നം.305/2025/എസ്.ജെ.ഡി ഉത്തരവ്
3. കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 07.02.2026-ലെ കെ. എസ്. എച്ച്. പി.ഡബ്ല്യൂ 520/2024-എ5 നമ്പർ കത്ത്
3. 11.02.2026-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ 4235-02-190-99-Pഎന്ന ശീർഷകത്തിൽ കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷനായി 5,00,00,000/- രൂപ വകയിരുത്തിയിരുന്നു. ആയതിൽ പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം ആകെ 1,22,93,000/- രൂപയും വിനിയോഗിക്കുന്നതിന് ഭരണാനുമതി നല്കിയിരുന്നു. കണ്ണൂർ ജില്ലയിൽ ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ-ന്റെ കെട്ടിടത്തിൽ ഭിന്നശേഷിക്ഷേമ കോർപ്പറേഷന്റെ ജില്ലാ ഓഫീസ് ആരംഭിക്കുന്നതിലേയ്ക്കായി 10,00,000/- വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം-3 പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. പരാമർശം-4 പ്രകാരമുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഈ വിഷയം പരിഗണിക്കുകയും ഭരണാനുമതി നൽകാവുന്നതാണെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 സാമ്പത്തിക വർഷം ഭിന്നശേഷി കോർപ്പറേഷന് 4235-02-190-99-P ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 5,00,00,000/- രൂപയിൽ നിന്നും കോർപ്പറേഷന്റെ കണ്ണൂർ ജില്ല ഓഫീസ് ആരംഭിക്കുന്നതിലേയ്ക്കായി ARTCO Ltd. എന്ന സ്ഥാപനം സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള 10,00,000/-രൂപ (പത്ത് ലക്ഷം രൂപ മാത്രം) വിനിയോഗിക്കുന്നതിന് കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മാനേജിംഗ്

ഡയറക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ അദീല അബ്ദുള്ള ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ , പൂജപ്പുര, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ഓഡിറ്റ് ) കേരളം, തിരുവനന്തപുരം
സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ചീഫ്, (സോഷ്യൽ സർവ്വീസസ് ഡിവിഷൻ), പട്ടം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്, (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Vipin S D
Date: 14-03-2026 10:58:08

സെക്ഷൻ ഓഫീസർ

०